പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3065

28.1.2014- ൽ
മറുപടിക്ക്

# വൈപ്പിൻ കയർ ഇൻസ്പെക്ടർ ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തിച്ചു വരുന്ന കയർ ഇൻസ്പെക്ടർ ഓഫീസിൽ കയർ മേഖലയുമായി ബന്ധപ്പെട്ട് നടന്നു വരുന്ന ദൈനംദിന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; | (എ): വൈപ്പിൻ മണ്ഡലം ഉൾപ്പെടുന്ന ഞാറയ്ക്കൽ കയർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെ പരിധിയിൽ ഒരു മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘവും 3 കയർ പിരി സഹകരണ സംഘങ്ങളുമുൾപ്പെടെ 4 സംഘങ്ങൾ പ്രവർത്തിക്കുന്നു. കയർ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കു വേണ്ടി വിവിധ ക്ഷേമ പ്രവർത്തനങ്ങളാണ് പ്രധാനമായും നടത്തിവരുന്നത്. പദ്ധതികൾ സംബന്ധിച്ച് സംഘം ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും തൊഴിലാളികൾക്കും ബോധവത്ക്കരണം നടത്തുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും, പ്രവർത്തനം വിലയിരുത്തുന്നതിനായി സംഘങ്ങളുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്യുക, വിവിധ പദ്ധതികൾ പ്രകാരമുള്ള സംഘങ്ങളുടെ അപേക്ഷകൾ പരിശോധിച്ച് മേൽ ആഫീസിലേക്ക് ശുപാർശ ചെയ്യുക, ടി പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും അതിന്റെ വിനിയോഗം ഉറപ്പുവരുത്തുകയും ചെയ്യുക, സംഘങ്ങൾ സന്ദർശിച്ച് സ്റ്റോക്ക് കണക്കുകൾ പരിശോധിക്കുകയും, അന്വേഷണം, പരിശോധന എന്നിവ നടത്തി റിപ്പോർട്ട് നൽകുകയും ചെയ്യുക, ഭരണ സമിതി തിരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾ ചെയ്യുക മുതലായവയാണ് കയർ ഇൻസ്പെക്ടർ ഓഫീസിൽ നടന്നുവരുന്ന ദൈനംദിന പ്രവർത്തനങ്ങൾ. |
| (ബി) ഏതെല്ലാം പഞ്ചായത്തുകളിലായി, ഈ ഓഫീസിന്റെ പരിധിയിൽ, എത്ര സഹകരണ | ബി) ഞാറയ്ക്കൽ കയർ ഇൻസ്പെക്ടർ ഓഫീസിന്റെ പരിധിയിൽ പള്ളിപ്പുറം CICS ലി.നം.715 (പള്ളിപ്പുറം), ചെറായി CVCS ലി.നം.581 |

| | |
|---|---|
| സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ: | (പള്ളിപ്പുറം), കുഴുപ്പിള്ളി CVCS ലി.നം.582 (കുഴുപ്പിള്ളി), ഗുണ്ടു ഐലന്റ് CPCS ലി.നം.297 (എളങ്കുന്നപ്പുഴ) എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| സി) ഈ സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും ഇവയ്ക്കാവശ്യമായ പ്രവർത്തന മൂലധനം നല്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെ യെന്നും വിശദമാക്കാമോ? | സി) യന്ത്രവൽക്കരണ റാട്ട്, സെമി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ എന്നിവ ഉപയോഗിച്ചുള്ള കയർപിരി, തൊണ്ടു സംഭരണം, മിനി ഡീഫൈബറിംഗ് മെഷീൻ ഉപയോഗിച്ചുള്ള ചകിരിയുല്പാദനം, കയർ കെട്ടൽ, വണ്ടി ചുറ്റ്, മാറ്റ്സ് നിർമ്മാണം എന്നിവയാണ് ദൈനംദിന പ്രവർത്തനങ്ങൾ.<br><br>സംഘങ്ങൾക്ക് അർഹമായ പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | സംഘത്തിന്റെ പേര് | 2006-07 | 2008-09 | 2011-12 | 2012-13 | ആകെ |
|---|---|---|---|---|---|---|
| 1 | ഗുണ്ടു ഐലന്റ് CPCS ലി.നം.297 | 365750 | 134250 | 250000 | 250000 | **10,00,000** |
| 2 | കുഴുപ്പിള്ളി CVCS ലി.നം.582 | 365750 | -- | 134250 | 250000 | **7,50,000** |
| 3 | ചെറായി CVCS ലി.നം.581 | -- | 350000 | 250000 | 150000 | **7,50,000** |
| 4 | പള്ളിപ്പുറം CICS ലി.നം. | 365750 | -- | 334250 | 50000 | **7,50,000** |

സെക്ഷൻ ഓഫീസർ